**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** **18-09-2025 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന് കീഴിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ, മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിന് കീഴിൽ 4 പദ്ധതികൾക്ക് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ വിശദവിവരങ്ങൾ അനുബന്ധം Iആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ 8 പദ്ധതികളുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.<br><br>പട്ടികജാതി വികസന വകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതുമായ പദ്ധതികളൊന്നുമില്ല. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിന് കീഴിൽ 4 പദ്ധതികൾക്ക് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ വിശദവിവരങ്ങൾ അനുബന്ധം Iആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ 8 പദ്ധതികളുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.<br><br>പട്ടികജാതി വികസന വകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതുമായ പദ്ധതികളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നം. | പദ്ധതികളുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | മഹാദേവർ നഗർ | 99,98,845/- | 95% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 2 | കേശവപുരം IHDP | 99,77,240/- | 65% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 3 | പാവുമ്പ ആലുവിള | 7,93,610/- | 75% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 4 | ഞക്കനാൽ അമ്പലത്താൻ കുളങ്ങര (കോർപ്പസ് ഫണ്ട്) | 15,75,000/- | റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

# അനുബന്ധം -II

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | LED ബൾബ് നിർമ്മാണ യൂണിറ്റ് (കോർപ്പസ് ഫണ്ട് പദ്ധതി) | 1,25,000/- | ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു |
| 2 | വള്ളവും വലയും (കോർപ്പസ് ഫണ്ട് പദ്ധതി) | 60,090/- | ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. |
| 3 | സംരക്ഷണഭിത്തി നിർമ്മാണം (കോർപ്പസ് ഫണ്ട് പദ്ധതി) | 4,30,000/- | കരുനാഗപ്പള്ളി നഗരസഭയ്ക്ക് ഫണ്ട് കൈമാറിയെങ്കിലും പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 4 | തെങ്ങ് കയറ്റ മെഷീൻ (കോർപ്പസ് ഫണ്ട് പദ്ധതി) | 3,500/- | ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. |
| 5 | കാട് വെട്ട് മെഷീൻ (കോർപ്പസ് ഫണ്ട് പദ്ധതി) | 61,000/- (2*30500) | ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. |
| 6 | ടൈൽ കിറ്റ് (കോർപ്പസ് ഫണ്ട് പദ്ധതി) | 12,500/- | ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. |
| 7 | ഭവന പുനഃരുദ്ധാരണം. | 3,75,000/- | ഒരു ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചു. ഒരു ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണം നിലവിൽ പുരോഗമിക്കുന്നു. |
| 8 | 200 തൊഴിൽ ദിനം പൂർത്തീകരിച്ച പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിൽ കിറ്റ് (കോർപ്പസ് ഫണ്ട് പദ്ധതി) | 5,000/- (4*1250) | ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. |